പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ T 3422 — 14.03.2018 -ൽ മറുപടിക്ക്.

## സൗജന്യമായി ഉച്ചഭക്ഷണം നൽകുന്ന പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ~~ശ്രീ.ഐ.സി.ബാലകൃഷ്ണൻ~~<br>**ശ്രീ.എ.പി. അനിൽ കുമാർ**<br>**ശ്രീ.വി.പി.സജീന്ദ്രൻ**<br>**ശ്രീ.വി.ടി.ബൽറാം** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) തെരഞ്ഞെടുക്കപ്പെട്ട പ്രദേശങ്ങളിൽ സന്നദ്ധസംഘടനകളുമായി സഹകരിച്ച് അർഹരായവർക്ക് ഉച്ചഭക്ഷണം സൗജന്യമായി നൽകുവാനുള്ള പദ്ധതി ആരംഭിച്ചിട്ടുണ്ടോ; ഈ പദ്ധതി വയനാട് ജില്ലയിൽ ആരംഭിച്ചിട്ടുണ്ടോ ; | (എ) പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി ആവശ്യക്കാർക്ക് ഒരു നേരത്തെ ഭക്ഷണം സൗജന്യമായി നല്കാൻ ഉദ്ദേശിച്ചു കൊണ്ടുള്ള പദ്ധതിയാണ് വിശപ്പ് രഹിത കേരളം പദ്ധതി. ഈ മേഖലയിൽ പ്രവർത്തി പരിചയമുള്ള കുടുംബശ്രീ, മറ്റ് സർക്കാർ/സർക്കാർ ഇതര സന്നദ്ധ സംഘടനകളുടെ സഹകരണത്തോടു കൂടിയാണ് ഈ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. തിരുവനന്തപുരം, ആലപ്പുഴ ജില്ലകളിൽ പ്രാരംഭ ഘട്ടമെന്ന നിലയിൽ ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. വയനാട് ജില്ലയിൽ നിലവിൽ ആരംഭിച്ചിട്ടില്ല. |
| (ബി) എങ്കിൽ ആദിവാസി വിഭാഗത്തിലെ മധു എന്ന ചെറുപ്പക്കാരൻ വിശന്നിട്ട് ഭക്ഷണം മോഷ്ടിച്ചുവെന്ന കുറ്റമാരോപിക്കപ്പെട്ട് ക്രൂരമായി കൊല ചെയ്യപ്പെട്ടത് ഏത് സാഹചര്യത്തിലാണെന്ന് വെളിപ്പെടുത്തുമോ ; | (ബി) പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് താലൂക്കിലെ 97-ാം നമ്പർ റേഷൻ കടയിലെ എ.എ.വൈ (എൻ.ഇ) കാർഡുടമയായ ശ്രീമതി.മല്ലിയുടെ മകനായിരുന്നു മധു. മല്ലിയും മകനും മാത്രം അംഗങ്ങളായുള്ള ഈ കാർഡിന് എല്ലാ മാസവും കൃത്യമായി റേഷൻ സാധനങ്ങൾ നല്കിയിരുന്നു. ഫെബ്രുവരി മാസത്തെ റേഷൻ സാധനങ്ങൾ ഫെബ്രുവരി ആദ്യവാരം തന്നെ നല്കിയിട്ടുണ്ട്. ഇക്കാര്യത്തിൽ ഭക്ഷ്യ പൊതുവിതരണ വകുപ്പിന് യാതൊരു വീഴ്ചയും സംഭവിച്ചിട്ടില്ല. |
| (സി) പ്രസ്തുത കൊലപാതകത്തിന്റെ അടിസ്ഥാനത്തിൽ വിശപ്പ് രഹിത കേരളം പദ്ധതി ഒരു പരാജയം ആണെന്ന് വകുപ്പ് വിലയിരുത്തുന്നുണ്ടോ; വ്യക്തമാക്കുമോ? | (സി) ഇല്ല. വിശപ്പ് രഹിത കേരളം പദ്ധതി പൈലറ്റ് അടിസ്ഥാനത്തിൽ 2017-18 സാമ്പത്തിക വർഷം ആരംഭിച്ചതാണ്. 2018-19 സാമ്പത്തിക വർഷം എല്ലാ ജില്ലകളിലും ഈ പദ്ധതി നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. പ്രസ്തുത പദ്ധതിയുടെ പൈലറ്റ് പദ്ധതി ആലപ്പുഴ ജില്ലയിൽ ആരംഭിക്കുന്നതേയുള്ളൂ. നിലവിൽ പാലക്കാട് ജില്ലയിൽ പദ്ധതി ആരംഭിച്ചിട്ടില്ല. ആയതിനാൽ പരാമർശ വിഷയത്തിന്റെ അടിസ്ഥാനത്തിൽ വിശപ്പ് രഹിത കേരളം പദ്ധതി ഒരു പരാജയമാണെന്ന് വിലയിരുത്താൻ കഴിയില്ല. |

**സെക്ഷൻ ഓഫീസർ**